# Malayala Manorama

## 28 August 2018

## Kasaragod, Kottayam, CM's Flood Relief Fund

### ദേവാലയത്തിന്റെ ഒരേക്കർ പത്തു കുടുംബങ്ങൾക്ക്

ചിറ്റാരിക്കാൽ (കാസർകോട്) ● ഭവനരഹിതരായ കുടുംബങ്ങൾക്കു കൈത്താങ്ങാകാൻ കാസർകോട്ടെ ബെഡൂർ സെന്റ് ജോസഫ് ഇടവക സമൂഹവും. വെസ്റ്റ് എളേരി പഞ്ചായത്തിലെ ബെഡൂരിലെ ഒരേക്കർ ഭൂമി 10 കുടുംബങ്ങൾക്കായി വിട്ടുനൽകും. ജാതി-മത ഭേദമെന്യേ 10 സെന്റ് ഭൂമി വീതമാണു നൽകുക.

ഇവിടേക്കു ശുദ്ധജലവും വൈദ്യുതിയും ദേവാലയത്തിന്റെ നേതൃത്വത്തിൽ എത്തിക്കും. തലശ്ശേരി അതിരൂപതാ സോഷ്യൽ സർവീസ് സൊസൈറ്റി (ടിഎസ്എസ്)ക്കാണു ഗുണഭോക്താവിനെ തിരഞ്ഞെടുക്കാനുള്ള ചുമതല. അർഹതയുള്ള കുടുംബങ്ങളെ തലശ്ശേരി അതിരൂപതയുടെ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി സ്മാരക ഭവന പദ്ധതിയിലേക്കും പരിഗണിക്കുമെന്നും ഇതിനായുള്ള അപേക്ഷകളും ടിഎസ്എസ് മുഖേന സമർപ്പിക്കുമെന്നും ഇടവക വികാരി ഫാ. മാത്യു പയ്യനാട്ട് പറഞ്ഞു. ഫോൺ: 9947914888



ഫാ. മാത്യു പയ്യനാട്ട്

### 18 സെന്റ് കുടുംബസ്വത്ത് ദുരിതബാധിതർക്ക്

കോട്ടയം ● പ്രളയ ജലത്തിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്കു സ്വന്തം സ്ഥലം വിട്ടുനൽകാൻ സന്നദ്ധത അറിയിച്ച് കുടുംബത്തിന്റെ നന്മമനസ്സ്. വിൽസൺ സ്ട്രീറ്റ്, മാളികയിൽ ബിൽഡിങ്സിൽ ഷാജൻ ജോൺ ആണ് പയ്യപ്പാടിയിലെ പാലക്കുന്നേൽ വീട്ടിൽ കുടുംബ ഓഹരിയായി ലഭിച്ച 18 സെന്റ് ദുരിത ബാധിതരായവർക്കു വിട്ടുനൽകുന്നത്.

ബിസിനസ് ചെയ്യുന്ന ഷാജൻ വെള്ളപ്പൊക്ക ദുരിതബാധിതരെ എങ്ങനെ സഹായിക്കണമെന്നു ചിന്തിച്ചപ്പോൾ ഭാര്യ ജാൻസിയാണു സ്ഥലം വിട്ടു നൽകാമെന്ന ആശയം മുന്നോട്ടു വച്ചത്.

പയ്യപ്പാടി കൊച്ചുമറ്റം റൂട്ടിലാണു കുടുംബ വീടിനുനോടു ചേർന്നു വഴിയും എല്ലാ സൗകര്യമുള്ള ഈ സ്ഥലം. റബർ മരങ്ങളാണ് ഇവിടെയുള്ളത്. ഈ സ്ഥലം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു കൈമാറുന്നതിനു സന്നദ്ധത അറിയിച്ചു കലക്ടർക്കു കത്തു നൽകുമെന്നു ഷാജൻ അറിയിച്ചു.



ഷാജൻ ജോൺ